# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യൂണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in

## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 43/2021 (ചൊവ്വാഴ്ച)** **തീയ്യതി: 01.06.2021**

**അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം**

| കാലാവസ്ഥാ ഘടകങ്ങൾ | 02.06.2021 | 03.06.2021 | 04.06.2021 | 05.06.2021 | 06.06.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 10 | 8 | 8 | 7 | 2 |
| ഉയർന്ന താപനില (°C) | 33 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 61 | 61 | 61 | 61 | 61 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 8 | 8 | 6 | 4 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 250 | 250 | 230 | 230 |
| മേഘവ്യാപ്തി (ഒക്ട) | 5 | 4 | 5 | 5 | 3 |

ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വരും ദിവസങ്ങളിൽ ചാറ്റൽ മഴയ്ക്ക് സാധ്യത . കൂടിയ താപനില 33°C വരെയും കുറഞ്ഞ താപനില 24°C വരെയും പ്രതീക്ഷിക്കുന്നു

**പൊതു നിർദ്ദേശങ്ങൾ**: വെള്ളക്കെട്ട് ഉള്ള സ്ഥലങ്ങളിൽ നീർ വാർച്ച സൗകര്യം ഉറപ്പുവരുത്തുക .കാലവർഷം തുടങ്ങുന്നതിനുമുന്നേ കാര്ഷികവിളകൾക്കു വിലാപരിപാലനം നടത്തേണ്ടതാണ് .മണ്ണ് പരിശോധന നടത്തി മണ്ണിൽ അംമ്ലതം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർക്കുക

**കാർഷിക നിർദ്ദേശങ്ങൾ**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| ജാതി | ഇലകൊഴിച്ചിൽ രോഗം | മഴക്കാലത്തു ജാതിയിൽ ഇലകൊഴിച്ചിൽ രോഗം വരാൻ സാധ്യതയുള്ളതിനാൽ മുൻകരുതലായി 1 % വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ച്കൊടുക്കുക |
| ഇഞ്ചി | ചീച്ചിൽ രോഗം | ഇഞ്ചിയുടെ തണ്ടിൽ ,മണ്ണിനോട് ചേർന്ന ഭാഗത്തു വെള്ളത്തിൽ കുതിർന്നതുപോലെയുള്ള ലക്ഷണം കാണാം .ആ ഭാഗം പിന്നീട് ചീഞ്ഞു പോവുകയും ഇതിന്റെ ഫലമായി ഇഞ്ചിയുടെ ചിനപ്പുകൾ ചിനപ്പുകൾ ചീഞ്ഞു പോകുന്നു.<br>രോഗബാധ കൂടുതലായും കണ്ടുവരുന്ന സ്ഥലങ്ങളിൽ കോപ്പർ ഓക്സി ക്ലോറൈഡ് 50 WP (2 ഗ്രാം ഒരു ലിറ്റർ |

| | | |
|---|---|---|
| | | വെള്ളത്തിൽ ) അല്ലെങ്കിൽ കോപ്പർ ഹൈഡ്രോക്സൈഡ് 50 WP (1 .5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ) അല്ലെങ്കിൽ ബോർഡോ മിശ്രിതം (ഒരു ശതമാനം വീര്യം )മെയ് -ജൂൺ മാസങ്ങളിലും ഓഗസ്റ് -സെപ്റ്റംബർ മാസങ്ങളിലും തളിക്കണം .മഴക്കാലം നീണ്ടു നിന്നാൽ ഒക്ടോബര് -നവംബർ മാസങ്ങളിൽ ഒരു തവണകൂടി തളിക്കണം |
| കോഴി | | കൂടുകളുടെ തറയിൽ വെള്ളം നനയുന്നതും ഈർപ്പം തങ്ങി നിൽക്കുന്നതും രോഗാണുക്കളുടെ വർദ്ധനവിന്കാരണമാകും. തറയിലെ വിരിപ്പിൽ ഈർപ്പം തട്ടുമ്പോൾ പുറത്തു വരുന്ന അമോണിയ വാതകം കോഴിയുടെ ആരോഗ്യത്തിനു ഹാനികരമാണ്. അതുകൊണ്ടു വിരിപ്പ് ഇടയ്ക്കിടെ ഇളക്കി കൊടുത്തു ഈർപ്പം അകറ്റുവാൻ ശ്രദ്ധിക്കണം. |
| കന്നുകാലി | | കൊതുകു മുട്ട ഇട്ടു പെരുകുന്നത്തടയാൻ തൊഴുത്തും പരിസരവും വൃത്തിയായി വയ്ക്കാനും, വെള്ളക്കെട്ട് ഇല്ലാതിരിക്കാനും ശ്രദ്ധിക്കുക. ചാണക കുഴികളിൽ മഴ നേരിട്ടുവീഴാതെ മൂടിവയ്ക്കുക |